# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5881 04.07.2019 ൽ മറുപടിക്ക്**

**പൊതുമരാമത്ത് വകുപ്പിലെ നിർമ്മാണ പ്രവർത്തനങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. അബ്ദുൽ ഹമീദ് പി** | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നുണ്ടോ; വിശദമാക്കുമോ? | പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗവുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നുണ്ട്. ഇതിനായി പ്രവൃത്തികളുടെ ഭരണാനുമതി ലഭിച്ച് കഴിഞ്ഞാൽ മൂന്ന് മാസത്തിനുള്ളിൽ സാങ്കേതിക അനുമതിയും ടെണ്ടർ നടപടികൾ പൂർത്തീകരിച്ചും പ്രവൃത്തി തുടങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. പ്രവൃത്തി തുടങ്ങിയ ശേഷം കരാറുകാരുടെ വീഴ്ചമൂലം ഉണ്ടാകുന്ന കാലതാമസത്തിന് ക രാറുകാർക്കെതിരെ നിയമനടപടികൾ സ്വീകരിക്കാറുണ്ട്. എന്നാൽ റോഡിലൂടെയുള്ള യൂട്ടിലിറ്റികൾ നീക്കുന്നതിലുള്ള കാലതാമസം, അതിർത്തി തർക്കങ്ങൾ, പുറമ്പോക്ക് കൈയ്യേറ്റങ്ങൾ എന്നിവ കാരണം ചില സന്ദർഭങ്ങളിൽ പ്രവൃത്തികൾ നീണ്ടു പോകാറുണ്ട്. ഇത്തരം അവസരങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണത്തോടെ പ്രവൃത്തികൾ പൂർത്തീകരിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.<br>ദേശീയപാത വിഭാഗത്തിന്റെ പരിധിയിൽ വരുന്ന പ്രവൃത്തികൾ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ മാനദണ്ഡങ്ങൾ പാലിച്ചാണ് നടപ്പിലാക്കുന്നത്. ഓരോ പ്രവൃത്തിക്കും പൂർത്തീകരണ കാലാവധി നിശ്ചയിച്ചാണ് ടെണ്ടർ ക്ഷണിക്കുന്നത്. ഈ കാലാവധിക്കുള്ളിൽ തന്നെ പദ്ധതികൾ പൂർത്തിയാക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്താറുണ്ട്. |

എന്നാൽ കരാറുകാരന്റേതല്ലാത്ത കാരണങ്ങളാൽ പദ്ധതി കാലാവധിക്കുള്ളിൽ പൂർത്തിയാക്കാൻ സാധിക്കാതെ വന്നാൽ ഫൈൻ ഈടാക്കാതെ പൂർത്തീകരണ കാലാവധി നീട്ടി നൽകി പദ്ധതി പൂർത്തിയാക്കാറുണ്ട്. കൂടാതെ പുതുക്കിയ പൊതുമരാമത്ത് മാനുവൽ പ്രകാരം പ്രവൃത്തികൾ യഥാസമയം പൂർത്തിയാക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കി പൂർത്തിയാക്കുന്നതിനുള്ള അവസരം നൽകുന്നുണ്ട്. തുടർന്നും പൂർത്തിയാക്കാത്ത സാഹചര്യങ്ങളിൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽപ്പെടുത്തി കരാർ റദ്ദ് ചെയ്ത് വേണ്ട നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

പൊതുമരാമത്ത് പാലം പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി ഉദ്യോഗസ്ഥതലത്തിലുള്ള അവലോകനയോഗങ്ങൾ ശക്തമാക്കിയിട്ടുണ്ട്. ജില്ലാതലത്തിൽ മാസം തോറും പ്രവൃത്തികൾ അവലോകനം ചെയ്യുകയും തടസ്സങ്ങൾ നീക്കുന്നതിന് മുൻഗണന നൽകുകയും ചെയ്യുന്നു. സംസ്ഥാന തലത്തിലുള്ള അവലോകനയോഗങ്ങൾ ചീഫ് എഞ്ചിനീയർമാരുടെയും ബഹുമാനപ്പെട്ട മന്ത്രിയുടെയും നേതൃത്വത്തിൽ ക്രമമായി നടത്തുന്നതും നിർദ്ദേശങ്ങൾക്കനുസരിച്ച് തുടർ നടപടികൾ സ്വീകരിച്ചു പ്രവർത്തിക്കുന്നതും നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സഹായമാകുന്നുണ്ട്.

പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗവുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി തന്നെ പൂർത്തീകരിക്കുന്നതിന് പരമാവധി ശ്രമിക്കുന്നുണ്ട്. താഴെ സൂചിപ്പിക്കുന്ന ചില ഒഴിവാക്കാനാവാത്ത കാരണങ്ങളാൽ പ്രവൃത്തികൾ നീണ്ടു പോകുന്നുണ്ട്.

- സമയബന്ധിതമായി സ്ഥലം ലഭ്യമാകാത്തതിനാൽ
- ക്ലൈന്റ് ഡിപ്പാർട്ട്മെന്റിൽ നിന്നും ആവശ്യപ്പെടുന്ന മാറ്റങ്ങൾ വരുത്തേണ്ടതിനാൽ ആർക്കിടെക്ചറൽ ഡ്രോയിംഗ്, സ്ട്രക്ചറൽ ഡ്രോയിംഗ് എന്നിവയിൽ

മാറ്റങ്ങൾ വരുത്തുവാൻ നിലവിലുള്ള കെട്ടിടം പൊളിച്ചുമാറ്റേണ്ടി വരുമ്പോൾ കാലതാമസം എടുക്കുന്നതിനാൽ

- ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിൽ നിന്നും മരം മുറിച്ചു മാറ്റുന്നതിനുള്ള അനുമതി ലഭ്യമാകാത്തതിനാൽ

കരാറുകാരൻ പ്രവൃത്തി അകാരണമായി നീട്ടുന്ന സാഹചര്യത്തിൽ ആയതിന് എഗ്രിമെന്റ് പ്രകാരം ഫൈൻ ചുമത്തി വരുന്നുണ്ട്.

കേരള റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം നഗരപാത വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പൊതു സ്വകാര്യ പങ്കാളിത്ത മാതൃകയിൽ നിർമ്മാണം പൂർത്തീകരിച്ച റോഡുകളുടെ പരിപാലനം 15 വർഷത്തേക്ക് പദ്ധതി കൺസഷണറിൽ നിക്ഷിപ്തമാണ്. സമയബന്ധിതമായി കൺസഷണർ പരിപാലനം നടത്തിവരുകയും കെ.ആർ.എഫ്.ബി അവ ഉറപ്പു വരുത്തുകയും ചെയ്തു പോരുന്നു.

കെ.എസ്.റ്റി.പി പ്രവൃത്തികളെല്ലാം തന്നെ സമയബന്ധിതയായി പൂർത്തീകരിക്കപ്പെടുന്നവയാണ്. ഏതെങ്കിലും കാരണത്താൽ പദ്ധതി നീണ്ടുപോകുകയാണെങ്കിൽ ലോകബാങ്ക് പ്രതിനിധികൾ, ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സ്റ്റിയറിംഗ് കമ്മിറ്റി എന്നിവരുടെ അംഗീകാരത്തോടെ മാത്രമേ സമയം നീട്ടി നൽകാറുള്ളൂ. കരാറുകാരന്റെ ഭാഗത്തു നിന്നുള്ള കാരണത്താലാണ് ഈ കാലതാമസമെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം, പിഴ ഈടാക്കുകയോ, കരാർ റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യുന്നതാണ്. കാലതാമസം ശ്രദ്ധയിൽപ്പെടുന്ന പ്രവൃത്തികളുടെ കാര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പ്രത്യേക അവലോകനയോഗങ്ങൾ പൊതുമരാമത്തു വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന് പ്രശ്ന പരിഹാരം കണ്ടെത്തുകയും ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ